# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4110 16.05.17 ൽ മറുപടിയ്ക്ക്

### കെ.എസ്.ആർ.ടി.സി.ക്ക് ദേശസാൽകൃത പാതകൾ അനുവദിച്ചതിലെ അപാകത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി<br>ശ്രീ.കെ. രാജൻ | | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശസാൽകൃത പാതകൾ കെ.എസ്.ആർ.ടി.സി.ക്ക് ഗതാഗതത്തിനായി അനുവദിക്കുമ്പോൾ വിജ്ഞാപനമിറക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കുമോ; | (എ) | 1988-ലെ കേന്ദ്ര മോട്ടോർവാഹന നിയമം ചാപ്റ്റർ ആറ് സെക്ഷൻ 100 അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. യ്ക്ക് വേണ്ടി പുതിയ റൂട്ടുകൾ ദേശസാൽക്കരിയ്ക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. നിലവിലെ സ്കീമുകൾ പരിഷ്കരിക്കുന്നത് ചാപ്റ്റർ ആറ് സെക്ഷൻ 102 പ്രകാരമാണ്. |
| (ബി) | സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസുകളുടെ ദൂരപരിധി എത്ര കിലോമീറ്ററായാണ് നിജപ്പെടുത്തിയിട്ടുള്ളത്; | (ബി) | 15.03.2017-ലെ സർക്കാർ ഉത്തരവ് (പി) 6/2017/ഗതാ. പ്രകാരം ലിമിറ്റഡ് സ്റ്റോപ്പ് ബസുകളുടെ ദൂരപരിധി 140 കിലോമീറ്ററാണ്. |
| (സി) | ദേശസാൽകൃത പാതകൾ അനുവദിക്കുമ്പോൾ നിയമ പരിരക്ഷക്കായി കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചാപ്റ്റർ ആറിന് പകരം, കേരള മോട്ടോർ വാഹന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം വിജ്ഞാപനമിറക്കിയത് സ്വകാര്യ ബസ് ലോബിയെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 1988-ലെ കേന്ദ്ര മോട്ടോർവാഹന നിയമം ചാപ്റ്റർ ആറിലെ സെക്ഷൻ 102 പ്രകാരമാണ് ഇതു സംബന്ധിച്ച പ്രാഥമിക വിജ്ഞാപനം അന്തിമമാക്കി (23.03.2017 ലെ ജി.ഒ. (പി)നം.8/17/ഗതാ) ഉത്തരവായിട്ടുള്ളത്. ആയതിനാൽ ഇത്തരത്തിലുള്ള ആക്ഷേപം അടിസ്ഥാന രഹിതമാണ്. |

സെക്ഷൻ ഓഫീസർ